ഒൺലൈൻ വ്യാപാരത്തിലൂടെ പാർട്ട് ടൈം ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ കേസിൽ ഒരാൾ അറസ്റ്റിൽ. കണ്ണൂർ കണ്ണാടിപ്പറമ്പ് പുതിയ പുരയിൽ ജുനൈദ് (25) നെയാണ് എറണാകുളം റൂറൽ ജില്ലാ സൈബർ പോലീസ് സ്റ്റേഷൻ ടീം അറസ്റ്റ് ചെയ്തത്. പെരുമ്പാവൂർ വെങ്ങോല സ്വദേശിയായ യുവാവിന്റെ പക്കൽ നിന്ന് സംഘം രണ്ടുലക്ഷത്തിയെഴുപതിനായിരത്തിലേറെ രൂപയാണ് തട്ടിയെടുത്തത്.